Circular No.1/Gen/2026

# മലങ്കര ഓർത്തഡോക്സ് സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004
Ph. 04812572890
website: ossae.org, ossaebodhanam.org, e-mail: dgossae@gmail.com

## വിജ്ഞാപനം

സ്നേഹിതരെ,

പുതുവർഷത്തിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ സൺഡേസ്കൂളിന്റെ 2026 ലെ ക്ലാസ്സുകൾ ജനുവരി 4 ഞായറാഴ്ച ആരംഭിക്കുന്നു. അധ്യാപകയോഗം കൂടി പുതുവർഷ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു എന്നു കരുതുന്നു. വിദ്യാർത്ഥികൾക്ക് സൺഡേസ്കൂൾ പഠനത്തിന് ആത്മീക പ്രചോദനം ലഭിക്കത്തക്ക രീതിയിൽ പ്രവേശനോത്സവം ക്രമീകരിക്കേണ്ടതാണ്.

കുട്ടികളും അധ്യാപകരും അറിഞ്ഞിരിക്കേണ്ട 2026 ലെ വാർഷിക പ്രവർത്തന രൂപരേഖ ശ്രദ്ധിക്കുക.

### ജീവകാരുണ്യദിനം – ഫെബ്രുവരി 15

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠനം/ചികിത്സാ ആവശ്യങ്ങൾക്കായുള്ള ജീവകാരുണ്യ പദ്ധതികളുടെ (കിരൺ/തണൽ/ റിവോൾവിങ് സ്കോളർഷിപ്പ്) ധനശേഖരണാർത്ഥം ജീവകാരുണ്യദിനം ഫെബ്രുവരി 15 ഞായറാഴ്ച നടത്തുന്നു. മാർച്ച് മാസത്തിനു മുമ്പായി ജീവകാരുണ്യതുക കേന്ദ്ര ഓഫീസിൽ നൽകണം. അനേകർക്ക് പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്ന ഈ പദ്ധതി വിജയിപ്പിക്കുവാൻ യൂണിറ്റ് തലത്തിൽ എല്ലാ ക്രമീകരണങ്ങളും ചെയ്യുമല്ലോ.

### സൺഡേസ്കൂൾ പുതിയ ക്ലാസ്സിലേക്കുള്ള പ്രവേശനം

OSSAE ഭരണഘടന 109, 110 ഖണ്ഡികകളിൽ വിവരിക്കുന്ന എല്ലാ റെക്കാർഡുകളും പ്രധാന അധ്യാപകൻ/അധ്യാപിക സൂക്ഷിക്കുകയും ഇടവക വികാരി ഉൾപ്പെടെ OSSAE യുടെ ഉത്തരവാദിത്തപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

അഡ്മിഷൻ നൽകുമ്പോൾ സെക്കുലർ ക്ലാസ്സിൽ കുട്ടി പഠിക്കുന്നതിലും ഒരു ക്ലാസ് മുകളിൽ സൺഡേസ്കൂളിൽ അഡ്മിഷൻ നൽകുവാൻ ശ്രദ്ധിക്കണം. ജൂൺ മാസത്തിൽ സെക്കുലർ ക്ലാസ്സിൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്ന കുട്ടിയെ അതേ വർഷം ജനുവരിയിൽ ത്തന്നെ സൺഡേസ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർക്കണം. ഇതുപോലെ എല്ലാ ക്ലാസ്സുകളിലും അഡ്മിഷൻ നടത്തണം.

Students' admission register, അധ്യാപക രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കണം. ഡിസ്ട്രിക്റ്റ്, ഭദ്രാസന, കേന്ദ്രഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ പേരുകൾ അധ്യാപക രജിസ്റ്ററിൽ ഉണ്ടായിരിക്കണം.

### സൺഡേസ്കൂൾ പ്രതിഭാമത്സരം

2/25-ാം നമ്പർ സർക്കുലറിൽ അറിയിച്ചിരുന്നതനുസരിച്ച് സൺഡേസ്കൂൾ വാഗ്മിതിലകം, ഗാനസുഗന്ധി എന്നീ പ്രതിഭകളെ തെരഞ്ഞെടുക്കുവാനുള്ള കേന്ദ്രതല പ്രതിഭാ മത്സരങ്ങൾ 2026 ജനുവരി 10 ന് ശനിയാഴ്ച ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തുതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. സോണൽ തലത്തിൽ സീനിയർ വിഭാഗത്തിൽ പ്രസംഗം, സംഗീതം എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രതിഭാ മത്സരങ്ങൾക്കു പങ്കെടുക്കാം. സൺഡേസ്കൂൾ വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ എന്നീ സ്ഥാനങ്ങളിലേക്ക് പ്രത്യേക മത്സരം കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല. നവംബർ 8-ാം തീയതി നടത്തിയ സോണൽതല മത്സരങ്ങളിൽ ഏറ്റവും ഉയർന്ന സ്കോർ നേടിയ മത്സരാർത്ഥികളെ വിജ്ഞാനി, പ്രവീൺ,

വചനഭൂഷൺ എന്നീ സ്ഥാനങ്ങളിൽ തദവസരത്തിൽ പ്രതിഭകളായി പ്രഖ്യാപിക്കുന്നതാണ്. ഒരിക്കൽ പ്രതിഭാസ്ഥാനം നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽതന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. മത്സരാർത്ഥികൾ കൃത്യസമയത്ത് ദേവലോകത്ത് എത്തിച്ചേരണം. പങ്കെടുക്കുന്നവർ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഒരു identification letter കൊണ്ടുവരേണ്ടതാണ്.

## OGOSS

സൺഡേസ്കൂൾ പഠനത്തിനു സാഹചര്യം ലഭിക്കാത്ത സ്ഥലങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി സൺഡേസ്കൂൾ പഠിക്കുവാൻ OSSAE Online Global Orthodox Sunday School ക്രമീകരിച്ചിരിക്കുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുവേണ്ടി 'Shapheero' എന്ന പാഠ്യപദ്ധതിയിലൂടെ പ്രത്യേക ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത കാര്യങ്ങൾ ദേവാലയത്തിൽ പ്രസ്താവിക്കുകയും വിവിധ സ്ഥലങ്ങളിൽ ആയിരിക്കുന്ന വിദ്യാർത്ഥികളുടെ സൺഡേസ്കൂൾ പഠനം ഉറപ്പു വരുത്തുകയും ചെയ്യണം. +965-69905111, 9778344095 (Help desk OGOSS) എന്നീ നമ്പറുകളിലേക്ക് വിളിച്ചാൽ, ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നതാണ്.

## The Sunday School

2025 ഡിസംബർ വരെയുള്ള 'ദ സൺഡേസ്കൂളി'ന്റെ ലക്കങ്ങൾ എല്ലാ ഭദ്രാസന ഡയറക്ടർമാരുടെ കൈവശവും എത്തിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകൾക്കുമുള്ള ഒരു സൗജന്യ കോപ്പിയും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പുതുവർഷത്തേക്ക് Rs. 80/- (തപാലിൽ വേണ്ടവർക്ക് Rs. 100/-) നൽകി എല്ലാ അധ്യാപകരും വിദ്യാർത്ഥികളും മാസിക Subscribe ചെയ്യുവാൻ ശ്രദ്ധിക്കണം.

## ഡയറി

2026 ലെ ഡയറി എല്ലാ അധ്യാപകർക്കും ലഭിക്കത്തക്കവിധം നവംബർ മാസംതന്നെ എല്ലാ ഡയറക്ടർമാരെയും ഏല്പിച്ചിട്ടുണ്ട്. കൂടാതെ, ക്രിസ്തുമസ് പുതുവത്സര ആശംസാ കാർഡുകളും എല്ലാ അധ്യാപകർക്കും വൈദികർക്കും ലഭ്യമാകത്തക്ക രീതിയിൽ ഭദ്രാസന ഡയറക്ടർമാരെ ഏല്പിച്ചിട്ടുണ്ട്.

## Class XII പ്രൈവറ്റ് പരീക്ഷ

വേദപ്രവീൺ ഡിപ്ലോമ (Class XII) പ്രൈവറ്റായി പഠിക്കുന്നവർക്കുള്ള പരീക്ഷ 2026 May 24 ഞായറാഴ്ച 2 മണിക്ക് നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2025 ഏപ്രിൽ 15 നും 30 നും ഇടയ്ക്ക് ossaebodhanam വെബ്സൈറ്റിൽ ലഭിക്കുന്ന ലിങ്കിലൂടെ നിർവഹിക്കാവുന്നതാണ്.

## പാഠപുസ്തക വിതരണം

2027 ൽ Syllabus Revision പൂർത്തീകരിച്ച് പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കും എന്നു പ്രതീക്ഷിക്കുന്നു. നിലവിലുള്ള പാഠപുസ്തകങ്ങൾക്കും സ്കീമിനും ഈ വർഷം മാറ്റം ഉണ്ടായിരിക്കുന്നതല്ല. പുസ്തകങ്ങൾ ആവശ്യമുള്ളവർ ഭദ്രാസന ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

## ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് പരീക്ഷാ ബോർഡിന്റെ തീരുമാനം

2026 ലെ വിവിധ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനായി പരീക്ഷാ ബോർഡിലെ അംഗങ്ങളായ നാല് ഭദ്രാസന ഡയറക്ടർമാരെ പരീക്ഷാ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

അർദ്ധവാർഷിക പരീക്ഷ, വാർഷിക പരീക്ഷ, മത്സരപരീക്ഷ എന്നിവകളിലേക്കുള്ള ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ചോദ്യപേപ്പറുകളാണ് തയ്യാറാക്കുന്നത്.

പ്രസ്തുത ചോദ്യങ്ങളിൽ നിന്നു മാത്രമായിരിക്കും OSSAE യുടെ ചോദ്യപേപ്പറുകൾ ക്രമീകരിക്കുന്നത്.

**കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025 ലെ സൺഡേസ്കൂൾ ദിന കാണിക്ക, കവർ കളക്ഷൻ, പരീക്ഷാ ഫീസ്, ജീവ കാരുണ്യ കവർ പിരിവ് എന്നിവ ഇതുവരെ കേന്ദ്ര ഓഫീസിൽ അടയ്ക്കാത്തവർ ഫെബ്രുവരി 6 നു മുമ്പ് നിർബന്ധമായും അടച്ചിരിക്കണം. OSSAE യുടെ മുൻ പതിവനുസരിച്ച് പ്രസ്തുത തുകകൾ അടയ്ക്കാത്തവർക്ക് അർദ്ധവാർഷിക, വാർഷിക ചോദ്യപേപ്പറുകൾ ലഭിക്കുന്നതിന് തടസ്സം ഉണ്ടാകും എന്നത് ശ്രദ്ധിക്കുമല്ലോ.

**അക്കൗണ്ട് നമ്പർ: Bank: SBI, Branch: Devalokam. കാണിക്ക, കവർ പിരിവ്, പരീക്ഷാ ഫീസ്: A/c No. 57017053258. ജീവകാരുണ്യം: A/c No. 57017053485. സൺഡേസ്കൂൾ മാസിക: A/c No. 57017053779, IFSE: SBIN0070820 ബാങ്കിൽ തുക അടച്ചതിനു ശേഷം details കേന്ദ്ര ഓഫീസ് സെക്രട്ടറിയെ (9447094766) നിർബന്ധമായും അറിയിച്ചിരിക്കണം.**

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്നതിലൂടെ ഓരോ പ്രവർത്തകനും ദൈവരാജ്യത്തിന്റെ സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്നു. നിറപടിയായി ഈ ദൈവീക ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ.

സ്നേഹപൂർവ്വം

15-12-2025
ദേവലോകം

**വർഗീസ് വർഗീസ് അച്ചൻ**
ഡയറക്ടർ ജനറൽ